LIBRARY ARCHIVES Kerala Legislative Assembly

നാദാപുരത്തെ അക്രമങ്ങൾ

196 (201) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്ത് തൂണേരിയിൽ നടന്ന ഷിബിന്റെ കൊലപാതകത്തെ തുടർന്ന് പ്രദേശത്തുണ്ടായ അക്രമങ്ങളിൽ എന്തൊക്കെ അതിക്രമങ്ങൾ നടന്നിട്ടുണ്ട് എന്നതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) അക്രമത്തിന് ഇരയായ കുടുംബങ്ങളിൽപ്പെട്ട ആരെയെങ്കിലും കൊലപാതകക്കേസ്സിൽ പ്രതി ചേർത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ഡി) സ്ത്രീകൾ മാത്രമുള്ള എത്ര വീടുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്; അക്രമികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിലെ ക്രമസമാധാന പ്രശ്നങ്ങൾ സംബന്ധിച്ച് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*

(ബി) ഷിബിന്റെ കൊലപാതകത്തെ തുടർന്ന് പ്രദേശത്തുണ്ടായ അക്രമങ്ങളോടനുബന്ധിച്ച് വീടുകൾ, കടകൾ, വാഹനങ്ങൾ എന്നിവ കത്തിച്ചതും നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 115 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ഷിബിന്റെ കൊലക്കേസിലെ പ്രതികളായ ഇസ്മയിൽ, മുനീർ, സിദ്ദിഖ്, മുഹമ്മദ് അസീസ്, ഷുഹൈബ്, അസ്‌ലം, സമദ്, മുഹമ്മദ് അസിബ് എന്നിവരുടെ വീടുകൾ അക്രമത്തിന് ഇരയായിട്ടുള്ളതാണ്.

(ഡി) സ്ത്രീകൾ മാത്രമുള്ള 31 വീടുകൾ അക്രമിക്കപ്പെട്ടിട്ടുണ്ട്. അക്രമികൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.